# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - *291 — 23.03.2015- ലെ മറുപടിക്ക്

## പദ്ധതി നിർവ്വഹണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ചന്ദ്രൻ:<br>ഡോ.ടി.എം.തോമസ് ഐസക്:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. ബി.ഡി.ദേവസ്സി: | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 2011-12-ലെ വാർഷിക പ്ലാനിൽ മാറ്റം വരുത്തിക്കൊണ്ട് പ്രഖ്യാപിച്ച മെഗാ പദ്ധതികൾ ഏതൊക്കെയാണ്; | (എ) | സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയിൽ പ്രധാന പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകൾ എന്ന ഹെഡിൽ പദ്ധതി വിഹിതം ഒരുമിച്ച് ഉൾപ്പെടുത്തുന്നരീതി 2013-14 സാമ്പത്തികവർഷം മുതലാണ് ആരംഭിച്ചിട്ടുള്ളത്. 2011-12 വർഷത്തെ വാർഷിക പ്ലാനിൽ മാറ്റം വരുത്തികൊണ്ട് മെഗാ പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | ഇതിൽ ഏതൊക്കെ പൂർത്തികരിക്കാൻ സാധിച്ചുവെന്നറിയിക്കാമോ; | (ബി) | ചോദ്യം ഉദിക്കുന്നില്ല. |
| (സി) | തുടർന്ന് വന്ന വാർഷിക പ്ലാനുകളിൽ ഉൾപ്പെടുത്തുകയും എന്നാൽ നാളിതുവരെ പണി ആരംഭിക്കാൻ കഴിയാത്തതുമായ പദ്ധതികൾ അനവധി ഉണ്ടെന്ന കാര്യം അറിയാമോ; എങ്കിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പരിപാടികൾ യഥാസമയം പൂർത്തീകരിക്കാൻകഴിയാത്ത സാഹചര്യം എന്താണെന്നറിയിക്കാമോ; | (സി) | ഈ പദ്ധതികളിൽ 35-ാം നാഷണൽ ഗെയിംസ് പൂർത്തീകരിച്ചിട്ടുണ്ട്. ചില പദ്ധതികൾ വിവിധ കാരണങ്ങളാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല. മറ്റുപദ്ധതികൾ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്. |
| (ഡി) | സംസ്ഥാനത്തെ സാമ്പത്തികനില പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | മേജർപദ്ധതികൾക്കുവേണ്ടി പ്രത്യേകം തുക വകയിരുത്തിയിട്ടുള്ളതിനാൽസംസ്ഥാനത്തിന്റെ സാമ്പത്തികനില പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പ്രധാന പശ്ചാത്തല വികസന പ്രോജക്ടുകൾ (മേജർ ഇൻഫ്രാസ്ട്രക്ച്ചറൽ ഡെവലപ്പ്മെന്റ് പ്രോജക്ട്സ്

2013-14

1. ഹൈ സ്പീഡ് റെയിൽ കോറിഡോർ
2. കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ച്ചറിംഗ് സോൺ (എൻ.ഐ.എം.ഇസഡ്)
3. പെട്രോളിയം, കെമിക്കൽസ് ആന്റ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ (പി.സി.പി.ഐ.ആർ)
4. വിഴിഞ്ഞം ഇന്റർ നാഷണൽ ഡീപ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട്
5. കൊച്ചി മെട്രോ
6. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോറെയിൽ പ്രോജക്ട്സ്
7. കണ്ണൂർ എയർപോർട്ട്
8. മൊബിലിറ്റി ഹബ്ബ്
9. 35-)ഠ നാഷണൽ ഗെയിംസ്
10. ക്യാപ്പിറ്റൽ റീജിയൻ ഡെവലപ്പ്മെന്റ് പ്രോഗ്രാം

2014-15

1. കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ച്ചറിംഗ് സോൺ (എൻ.ഐ.എം.ഇസഡ്)
2. പെട്രോളിയം, കെമിക്കൽസ് ആന്റ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ (പി.സി.പി.ഐ.ആർ)
3. വിഴിഞ്ഞം ഇന്റർ നാഷണൽ ഡീപ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട്
4. കൊച്ചി മെട്രോ
5. തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോറെയിൽ പ്രോജക്ട്സ്
6. കണ്ണൂർ എയർപോർട്ട്
7. മൊബിലിറ്റി ഹബ്ബ്
8. സബർബൻ റെയിൽ കോറിഡോർ
9. 35-)ഠ നാഷണൽ ഗെയിംസ്
10. ക്യാപ്പിറ്റൽ റീജിയൻ ഡെവലപ്പ്മെന്റ് പ്രോഗ്രാം